**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4877** **02-07-2024 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി നൽകിയ പട്ടികജാതി ഉന്നതികൾ ഏതെല്ലാം; വിശദമാക്കാമോ; | (എ) | ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ശ്രീനിവാസപുരം (2019-20), വട്ടപ്ലാമൂട് (2023-24), വണ്ടിപ്പുര ഹൗസിങ്ങ് (2023-24), ഇലകമൺ ഗ്രാമപഞ്ചായത്തിലെ തേരിക്കൽപ്പാറയിൽ (2021-22), വെട്ടൂർ ഗ്രാമപഞ്ചായത്തിലെ മുനിക്കുന്ന് ലക്ഷംവീട് (2023-24), നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ കൈപ്പടക്കോണം പുളിയറക്കോണം (2016-17) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമം പദ്ധയിലുൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയത് ഏതെല്ലാം തീയതികളിലാണെന്ന് വിശദമാക്കാമോ; | (ബി) | തേരിക്കൽപ്പാറയിൽ ഉന്നതിക്ക് 22/11/2023 ലും മുനിക്കുന്ന് ലക്ഷംവീട് ഉന്നതിക്ക് 22/06/2024 ലും കൈപ്പടക്കോണം പുളിയറക്കോണം ഉന്നതിക്ക് 04/09/2018 ലും അനുമതി നൽകിയിട്ടുണ്ട്. വട്ടപ്ലാമൂട്, വണ്ടിപ്പുര ഹൗസിങ്ങ് എന്നീ ഉന്നതികളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് അനുമതിക്കായി ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ യഥാസമയം ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (സി) | നിർവ്വഹണ ഏജൻസിയുടെ ഭാഗത്ത് നിന്നുള്ള കാലതാമസം കൊണ്ടാണ് ശ്രീനിവാസപുരം, തേരിക്കൽപ്പാറയിൽ, മുനിക്കുന്ന് ലക്ഷംവീട് എന്നീ ഉന്നതികളുടെ നവീകരണ പ്രവൃത്തികൾ യഥാസമയം ആരംഭിക്കാതിരുന്നത്. വട്ടപ്ലാമൂട് ഉന്നതിയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രവൃത്തികൾ സംബന്ധിച്ച് മോണിറ്ററിംഗ് സമിതി തീരുമാനമായിട്ടില്ല. വണ്ടിപ്പുര ഹൗസിങ്ങ് ഉന്നതി നവീകരണത്തിനുള്ള മോണിറ്ററിംഗ് കമ്മിറ്റി കൂടിയിട്ടില്ല. |
| (ഡി) | ഏത് കാര്യാലയത്തിലാണ് പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച നടപടികളിൽ കാലതാമസം വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | മറുപടി (സി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ